തെരുവുനായ്ക്കളുടെ നിയന്ത്രണം

227 (3204) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരുവുനായ്ക്കൾ വഴിയാത്രക്കാരെയും സ്കൂൾ വിദ്യാർത്ഥികളെയും ആക്രമിച്ച എത്ര കേസുകൾ കഴിഞ്ഞ ആറ് മാസങ്ങൾക്കിടയിൽ ഉണ്ടായെന്ന വ്യക്തമാക്കാമോ ; ഇത്തരം കേസുകൾ ഉണ്ടാകാതിരിക്കുവാൻ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ ;

(ബി) തെരുവുനായ്ക്കളെ നിയന്ത്രിക്കാനോ പുനരധിവസിപ്പിക്കാനോ ശ്രമിക്കാതെ ജനങ്ങളെ ഭീതിയുടെ മുൾമുനയിൽ നിർത്തി തെരുവുനായ്ക്കളെ അനുസൃതം വിഹരിക്കുവാൻ അനുവദിക്കുന്നതിലൂടെ എന്താണ് ഉദ്ദേശിക്കുന്നത് എന്ന വ്യക്തമാക്കാമോ ; തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതും പുനരധിവസിപ്പിക്കുന്നതും വിലക്കിക്കൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഉത്തരവ് നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ 6 മാസക്കാലയളവിൽ നായ്ക്കളുടെ കടിയേറ്റ് സംസ്ഥാനത്ത് വിവിധ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയവരുടെ എണ്ണം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കണക്ക് അനുസരിച്ച് 51280 ആണ്. തെരുവ് നായ്ക്കളെ കൊല്ലുന്നത് സുപ്രീം കോടതിയുടെ ഇടക്കാല വിധിയിലൂടെ തടഞ്ഞിരിക്കുന്നതിനാൽ തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിന് അനിമൽ ബർത്ത് കൺട്രോൾ - ആന്റി റാബീസ് പ്രോഗ്രാം ഫലപ്രദമായി നടപ്പാക്കുകയാണ് ഏക മാർഗ്ഗം. തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അനിമൽ ബർത്ത് കൺട്രോൾ - ആന്റി റാബീസ് പ്രോഗ്രാം മികച്ച രീതിയിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) തെരുവ് നായ്ക്കളെ നിയന്ത്രിക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയായതിനാൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും തെരുവ് നായ നിയന്ത്രണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ബഹു. സുപ്രീം കോടതിയുടെ SLP(C) 691/2009 ഉത്തരവ് പ്രകാരം തെരുവ് നായ്ക്കളെ കൊല്ലുന്നത് നിരോധിച്ചിരിക്കുന്നതിനാൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം/ആന്റി റാബിസ് പ്രോഗ്രാം പ്രകാരമുള്ള തെരുവ് നായ നിയന്ത്രണ നടപടികൾ കാര്യക്ഷമമായ രീതിയിൽ അടിയന്തരമായി നടപ്പിലാക്കുവാൻ ഗ്രാമപഞ്ചായത്തുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതും പുനരധിവസിപ്പിക്കുന്നതും വിലക്കിക്കൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഉത്തരവ് നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly